"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

കേരള പ്രിസൺസ്
&കറക്ഷണൽ സർവ്വീസസ്

ജയിലാസ്ഥാനകാര്യാലയം
തിരുവനന്തപുരം

**നടപടികൾ**

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-എറണാകുളം ജില്ലാ ജയിലിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീ ഷിജിൽ കെ.എച്ച് ന് അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ട കേസുകളുടെ ചുമതല വഹിക്കുന്നതിനുള്ള ലെയ്സൺ ഓഫീസറുടെ ചുമതല നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന : ഇല്ല

**ഉത്തരവ് നമ്പർ: KPCS/1434/2025; തീയതി: 21-03-2025**

അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ഫയൽ ചെയ്യപ്പെടുന്ന കേസുകൾ സംബന്ധിച്ച വിവരശേഖരണത്തിനും, കോടതികളും വകുപ്പും തമ്മിലുള്ള ആശയ വിനിമയം സുഗമമാക്കുന്നതിനുമായി എറണാകുളം ജില്ലാ ജയിലിലെ അസിസ്റ്റൻറ് പ്രിസൺ ഓഫീസർ ശ്രീ ഷിജിൽ കെ.എച്ച് നു ലെയ്സൺ ഓഫീസറുടെ ചുമതല നൽകി ഉത്തരവാകുന്നു.

ടിയാൻ ബഹു. ഹൈക്കോടതിയിലും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും നിലനിൽക്കുന്ന കേസുകളുടെ പുരോഗതി വിലയിരുത്തുന്നതും ആയതിന്മേൽ വിവിധ ജയിൽ സ്ഥാപനങ്ങൾ, ആസ്ഥാനകാര്യാലയം എന്നിവയുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതുമടക്കമുള്ള ചുമതലകൾ നിർവഹിക്കേണ്ടതാണ്.

ശ്രീ ഷിജിൽ കെ.എച്ച്,ന് ലെയിസൺ ഒഫിസറുടെ ചുമതലകൾ സമയബന്ധിതമായി ചെയ്യുന്നതിന് ടിയാന്റെ ജയിലിലെ അസി പ്രിസൺ ഒഫിസറുടെ ഡ്യൂട്ടി അതിനനുസൃതമായി ക്രമീകരിച്ചു നൽകുവാൻ ഏറണാകുളം ജില്ല ജയിൽ സുപ്രണ്ടിനെ ചുമതലപ്പെടുത്തുന്നു .

Vinod Kumar M K
DEPUTY INSPECTOR GENERAL

സ്വീകർത്താവ്: ശ്രീ ഷിജിൽ കെ.എച്ച്
അസിസ്റ്റന്റ് പ്രിസൺ ഓഫീസർ
ജില്ലാ ജയിൽ എറണാകുളം

(സൂപ്രണ്ട് മുഖേന)

Signed by
M K Vinodkumar
Date: 21-03-2025 16:18:40

പകർപ്പ്: 1. ഡി ഐ ജി ഓഫ് പ്രിസൺസ്
ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ
2. എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും ജയിലാസ്ഥാനകര്യാലയത്തിലെ
എല്ലാ ഉദ്യോഗസ്ഥർക്കും
3. ഓഫീസ് കോപ്പി/ടെക്നിക്കൽ സെൽ